**The South Indian Bank Ltd.**
CIN:L65191KL1929PLC001017
Regd: Office: SIB House, T.B. Road
Mission Quarters, Thrissur-680001. Tel: 0487 2420020
Website:www.southindianbank.com
Email id:ho2006@sib.co.in

SOUTH INDIAN Bank
Experience Next Generation Banking

# 93-ാം വാർഷിക പൊതുയോഗം, ഇ-വോട്ടിംഗ്, ബുക്ക് ക്ലോഷർ എന്നിവയുടെ നോട്ടീസ്

**ഇനിപറയുന്നവയ്ക്കായി ഇതിനാൽ നോട്ടീസ് നൽകുന്നു:**

1. കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ (MCA) 2020 മെയ് 5-ലെ നമ്പർ 20/2020, 2020 ഏപ്രിൽ 13-ലെ നമ്പർ 17/2020, 2020 ഏപ്രിൽ 8-ലെ നമ്പർ 14/2020, 2021 ജനുവരി 13-ലെ നമ്പർ 02/2021 പൊതു സർക്കുലറുകൾ പ്രകാരം 2013-ലെ കമ്പനീസ് ആക്ടിന് വിധേയമായും, 2020 മെയ് 12, 2021 ജനുവരി 15 തീയതികളിലെ SEBI സർക്കുലറുകൾക്കും, MCA, കേന്ദ്ര സർക്കാർ, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (SEBI) എന്നിവയുടെ ബാധകമായ മറ്റെല്ലാ നിയമങ്ങൾക്കും, സർക്കുലറുകൾക്കും വിധേയമായും ഒരു പൊതുസ്ഥലത്ത് അംഗങ്ങളുടെ ശാരീരിക സാന്നിദ്ധ്യമില്ലാതെ വീഡിയോ കോൺഫ്രൻസിംഗ് ("VC")/മറ്റ് ശ്രവ്യ ദൃശ്യ മാർഗങ്ങൾ ("Other Audio Visual Means - OAVM") മുഖേന കമ്പനികൾക്ക് വാർഷിക പൊതുയോഗം (AGM) സംഘടിപ്പിക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ 93-ാമത് വാർഷിക പൊതുയോഗം 2021 ആഗസ്റ്റ് 18, ബുധനാഴ്ച രാവിലെ 11-ന് വീഡിയോ കോൺഫ്രൻസിംഗ്/ മറ്റ് ശ്രവ്യ ദൃശ്യ മാർഗങ്ങൾ മുഖേന നടത്തപ്പെടും. ആയതിനാൽ, പൊതുയോഗ നോട്ടീസിൽ സൂചിപ്പിച്ച പ്രകാരം ബാങ്കിന്റെ വാർഷിക പൊതുയോഗ പരിപാടികൾ VC/OAVM മുഖേന നടത്തും. ബാങ്കിന്റെ രജിസ്റ്റേർഡ് ഓഫീസ് വാർഷിക പൊതുയോഗ വേദിയായി കണക്കാക്കപ്പെടുന്നതായിരിക്കും.
2. മേൽപ്പറഞ്ഞ സർക്കുലറുകൾ അനുസരിച്ച്. ബാങ്കിൽ/ഡിപ്പോസിറ്ററി പങ്കാളി(കൾ)-ക്കൊപ്പവും ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും, ബാങ്കിന്റെ രജിസ്ട്രാറുടേയും, ഷെയർ ട്രാൻസ്ഫർ ഏജന്റിന്റെയും പക്കൽ ഭൗതികാവസ്ഥയിൽ (Physical Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾക്കും വാർഷിക പൊതുയോഗത്തിന്റെയും, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടിന്റെയും ഇലക്ട്രോണിക് പകർപ്പുകൾ അയച്ചിട്ടുള്ളതുമാകുന്നു. കൂടാതെ ബാങ്കിന്റെ വെബ്സൈറ്റായ https:// www.southindianbank.com-ന്റെ 'ഇൻവെസ്റ്റേഴ്സ് ഡെസ്ക്' വിഭാഗത്തിലും, രണ്ട് സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ വെബ്സൈറ്റുകളിലും; അതായത് BSE ലിമിറ്റഡിന്റെ https://www.bseindia.com, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇൻഡ്യ ലിമിറ്റഡിന്റെ https://www.nseindia.com എന്നിവയിലും, NSDL-ന്റെ വെബ്സൈറ്റായ https://www.evoting.nsdl.com-ലും 93-ാമത് വാർഷിക പൊതുയോഗ നോട്ടീസും, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും ലഭ്യമാണ്. ഇ-മെയിലുകൾ മുഖേന വാർഷിക പൊതുയോഗത്തിന്റെ നോട്ടീസ് വിതരണം 2021 ജൂലൈ 26-ന് പൂർത്തിയായതുമാകുന്നു.
3. കട്ട്-ഓഫ് തീയതിയിൽ (2021 ആഗസ്റ്റ് 11), ഭൗതികാവസ്ഥയിൽ (Physical Form) അല്ലെങ്കിൽ അഭൗതികാവസ്ഥയിൽ (Dematerialized Form) ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾക്ക്, വാർഷിക പൊതുയോഗ നോട്ടീസിന്റെ നടപടിക്രമത്തിൽ സൂചിപ്പിച്ച പ്രകാരം ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം ഉപയോഗിച്ച് തങ്ങളുടെ വോട്ടുകൾ ചെയ്യുവാൻ സാധിക്കും. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| എ. | ഇലക്ട്രോണിക് വോട്ടിംഗ് മുഖേനയുള്ള നടപടി ക്രമങ്ങളുടെ സ്റ്റേറ്റ്മെന്റ് | 2021 ജൂലൈ 22-ാം തീയതിയിലെ നോട്ടീസിലുള്ള നടപടികൾ ഇലക്ട്രോണിക് വോട്ടിംഗ് മുഖേന നടത്താം |
| ബി. | വാർഷിക പൊതുയോഗ നോട്ടീസ് അയയ്ക്കുന്നത് പൂർത്തിയായ തീയതി | 2021 ജൂലൈ 26 |
| സി. | റിമോട്ട് ഇ-വോട്ടിംഗ് ആരംഭിക്കുന്ന തീയതിയും, സമയവും | 2021 ആഗസ്റ്റ് 14, ശനിയാഴ്ച 09 എ.എം. മുതൽ |
| ഡി. | റിമോട്ട് ഇ-വോട്ടിംഗ് അവസാനിക്കുന്ന തീയതിയും, സമയവും | 2021 ആഗസ്റ്റ് 17, ചൊവ്വാഴ്ച 5 പി.എം. വരെ |
| ഇ. | 2021 ആഗസ്റ്റ് 17-ന് 5 പി.എം. കഴിയുമ്പോൾ NSDL റിമോട്ട് ഇ-വോട്ടിംഗ് സംവിധാനം ഡിസ്ഏബിൾ ചെയ്യുന്നതാണ്, ഓഹരി ഉടമ തന്റെ വോട്ടവകാശം ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ, പിന്നീട് ആ തീരുമാനം മാറ്റുവാൻ ഓഹരി ഉടമയെ അനുവദിക്കുന്നതല്ല. | |
| എഫ്. | വാർഷിക പൊതുയോഗ നോട്ടീസ് പ്രദർശിപ്പിച്ചിട്ടുള്ള ബാങ്ക്/ഏജൻസി വെബ്സൈറ്റ് | https:// www.southindianbank.com<br>https://www.evoting.nsdl.com |
| ജി. | ഇലക്ട്രോണിക് വോട്ടിംഗ് സംബന്ധിച്ച പരാതി പരിഹാരത്തിന് ഉത്തരവാദപ്പെട്ട വ്യക്തിയുടെ പേരും, വിലാസവും | ശ്രീ. അമിത് വിശാൽ, അസി. വൈസ് പ്രസിഡന്റ്, NSDL ട്രേഡ് വേൾഡ്, എ വിംഗ്, 4-ാം നില, കമല മിൽസ് കോമ്പൗണ്ട്, ലോവർ പരേൽ, മുംബൈ-400013,<br>ഇ-മെയിൽ: evoting@nsdl.co.in / 1800 1020 990 / 1800 224 430 |

i. വാർഷിക പൊതുയോഗ നോട്ടീസിന്റെ അയയ്ക്കൽ പൂർത്തിയായ ശേഷം ബാങ്കിന്റെ ഓഹരികൾ നേടിയിട്ടുള്ളതും, 2021 ആഗസ്റ്റ് 11 എന്ന കട്ട്-ഓഫ് തീയതിയിൽ ഓഹരികൾ കൈവശം വച്ചിട്ടുള്ളതുമായ ഏതെങ്കിലും വ്യക്തിയ്ക്ക്, evoting@nsdl.co.in ൽ ഒരു അഭ്യർത്ഥന അയച്ച് ലോഗ്-ഇൻ ഐ.ഡി-യും, പാസ്‌വേർഡും ലഭ്യമാക്കാൻ സാധിക്കും. എന്നിരുന്നാലും, ഇതിനോടകം തന്നെ NSDL-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വ്യക്തിയ്ക്ക് നിലവിലുള്ള യൂസർ ഐഡിയും, പാസ്‌വേർഡും ഉപയോഗിച്ച് തന്റെ വോട്ടവകാശം വിനിയോഗിക്കാം;

ii. ഓഹരി ഉടമകളുടെ ശ്രദ്ധയ്ക്ക്:

എ) വാർഷിക പൊതുയോഗ സമയത്തും ഇ-വോട്ടിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതും, VC/OAVM സൗകര്യത്തിലൂടെ വാർഷിക പൊതുയോഗത്തിൽ സന്നിഹിതരായിട്ടുള്ളതും എന്നാൽ റിമോട്ട് ഇ-വോട്ടിംഗ് സൗകര്യം മുഖേന വോട്ട് രേഖപ്പെടുത്താത്തതും, മറ്റുതരത്തിൽ ആയതിന് വിലക്കില്ലാത്തതുമായ ഓഹരി ഉടമകൾക്ക് വാർഷിക പൊതുയോഗത്തിൽ ഇ-വോട്ടിംഗ് സംവിധാനത്തിലൂടെ വോട്ട് ചെയ്യാൻ യോഗ്യതയുണ്ടായിരിക്കും.

ബി) റിമോട്ട് ഇ-വോട്ടിംഗിലൂടെ മുൻപുതന്നെ തങ്ങളുടെ വോട്ടുകൾ രേഖപ്പെടുത്തിയ ഓഹരി ഉടമകൾക്ക് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ സാധിക്കും എന്നാൽ തങ്ങളുടെ വോട്ടുകൾ വീണ്ടും രേഖപ്പെടുത്താൻ സാധിക്കില്ല.

സി. കട്ട്-ഓഫ് തീയതിയിൽ അംഗങ്ങളുടെ രജിസ്റ്ററിൽ അല്ലെങ്കിൽ ഡിപ്പോസിറ്ററികളിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ ഉടമകളുടെ രജിസ്റ്ററിൽ പേരുകൾ രേഖപ്പെടുത്തിയിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ റിമോട്ട് ഇ-വോട്ടിംഗ് അല്ലെങ്കിൽ വാർഷിക പൊതുയോഗത്തിലെ ഇ-വോട്ടിംഗ് മുഖേന വോട്ടിംഗ് സൗകര്യം ഉപയോഗിക്കാൻ സാധിക്കൂ.

iii. അഭൗതീകാവസ്ഥയിലും (Dematerialized Mode), ഭൗതീകാവസ്ഥയിലും (Physical Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾ റിമോട്ടായി വോട്ട് രേഖപ്പെടുത്തുന്ന രീതി വാർഷിക പൊതുയോഗ നോട്ടീസിൽ നൽകിയിട്ടുണ്ട്. ബാങ്കിന്റെ വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്. ഇത്തരം വിവരങ്ങൾക്ക് https:// www.southindianbank.com സന്ദർശിക്കാൻ ഓഹരി ഉടമകളോട് അഭ്യർത്ഥിക്കുന്നു.

iv. അഭൗതീകാവസ്ഥയിൽ (Dematerialized Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ളതും, തങ്ങളുടെ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ ഓഹരി ഉടമകൾ തങ്ങളുടെ ഡിപ്പോസിറ്ററി പങ്കാളികൾ മുഖേന ഉചിതമായ ഡിപ്പോസിറ്ററികളിൽ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരുകളും രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. 93-ാമത് വാർഷിക പൊതുയോഗത്തിന്റെ നോട്ടീസിനൊപ്പം 2020-21 വാർഷിക റിപ്പോർട്ടിന്റെ പകർപ്പുകളും, VC/OAVM മുഖേന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും കൈപ്പറ്റുന്നതിനും, റിമോട്ട് ഇ-വോട്ടിംഗിലൂടെ അല്ലെങ്കിൽ വാർഷിക പൊതുയോഗ സമയത്ത് ഇ-വോട്ടിംഗിലൂടെ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കുന്നതിനും തങ്ങളുടെ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരുകളും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത, ഭൗതീകാവസ്ഥയിൽ (Physical Mode) ഓഹരികൾ കൈവശം വച്ചിട്ടുള്ള ഓഹരി ഉടമകൾ ബാങ്കിന്റെ രജിസ്ട്രാർ & ഷെയർ ട്രാൻസ്ഫർ ഏജന്റായ, M/s BTS കൺസൾട്ടൻസി സർവീസസ് പ്രൈ. ലിമിറ്റഡ്, എം.എസ്. കോംപ്ലക്സ്, ഒന്നാം നില, നം. 8, ശാസ്ത്രി നഗർ, കൊളത്തൂർ 200 ഫീറ്റ് റോഡിന്/ആർ.ടി.ഒ-യ്ക്ക് സമീപം, കൊളത്തൂർ, ചെന്നൈ, Email: helpdesk@btsindia.co.in-ന്റെ പക്കൽ തങ്ങളുടെ ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരുകളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

v. റിമോട്ട് ഇ-വോട്ടിംഗ് സംബന്ധിച്ച സംശയ നിവാരണത്തിന്, അംഗങ്ങൾക്കായുള്ള സാധാരണ ചോദിക്കുന്ന ചോദ്യങ്ങൾ (Frequently Asked Questions - FAQs), NSDL വെബ്സൈറ്റിലെ 'ഡൗൺലോഡ്സ്' വിഭാഗത്തിൽ അംഗങ്ങൾക്കായുള്ള ഇ-വോട്ടിംഗ് യൂസർ മാന്വൽ പരിശോധിക്കാം അല്ലെങ്കിൽ ടോൾ-ഫ്രീ നം: 1800 1020 990/1800 224 430-ൽ വിളിക്കാം അല്ലെങ്കിൽ evoting@nsdl.co.in ൽ ഒരു അഭ്യർത്ഥനയയയ്ക്കാം

vi. വീഡിയോ കോൺഫ്രൻസിംഗ് (VC) മുഖേന മീറ്റിംഗ് അക്സസ് ചെയ്യാനും, അതിൽ പങ്കെടുക്കാനും സാങ്കേതിക സഹായം ആവശ്യമുള്ള അംഗങ്ങൾക്ക് 1800 1020 990/1800224430 എന്ന ഹെൽപ്പ്ലൈൻ നമ്പരിൽ ബന്ധപ്പെടാം.

4. കട്ട്-ഓഫ് തീയതിയിൽ (2021 ആഗസ്റ്റ് 11) ഓഹരികൾ കൈവശമുണ്ടെങ്കിൽ മാത്രമേ അംഗങ്ങൾക്ക് ഇലക്ട്രോണിക്കായി വോട്ട് രേഖപ്പെടുത്താൻ അവകാശം ഉണ്ടായിരിക്കൂ. കട്ട്-ഓഫ് തീയതിയിൽ ഏതെങ്കിലും വ്യക്തി അംഗമല്ലാതിരിക്കുകയോ/അംഗത്വം അവസാനിക്കുകയോ ചെയ്താൽ ആ വ്യക്തി ഈ നോട്ടീസ് വിവരസ്വീകരണത്തിന് മാത്രമായി കണക്കാക്കേണ്ടതാണ്.

5. ഇ-വോട്ടിംഗ് പ്രക്രിയ കളങ്കമറ്റതും, സുതാര്യവുമായ രീതിയിൽ നടത്തുവാൻ ഒരു നിരീക്ഷകൻ എന്ന നിലയിൽ പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറിയായ ശ്രീ. പി.ഡി. വിൻസെന്റ്-നെ (മാനേജിംഗ് പാർട്ണർ SVJS & അസോസിയേറ്റ്സ്, കമ്പനി സെക്രട്ടറീസ്) അല്ലാത്തപക്ഷം പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറിയായ ശ്രീ. ജയൻ കെ., പാർട്ണർ, SVJS & അസോസിയേറ്റ്സ്, കമ്പനി സെക്രട്ടറീസ്) നെ നിയമിച്ചിരിക്കുന്നു.

6. പൊതുയോഗ സമയത്ത് അംഗങ്ങളുടെ അനുമതി ആവശ്യമുള്ളതും, ഈ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഉചിതമായ എല്ലാ രേഖകളും, ഭൗതീകാവസ്ഥയിൽ (Physical Form), വാർഷിക പൊതുയോഗം അവസാനിക്കുന്ന 2021 ആഗസ്റ്റ് 18 വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 എ.എം മുതൽ 3 പി.എം വരെ ബാങ്കിന്റെ രജിസ്റ്റേർഡ് ഓഫീസിൽ അംഗങ്ങൾക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക പൊതുയോഗം അവസാനിക്കുന്നതുവരെ ഇലക്ട്രോണിക് രൂപത്തിലും ഈ രേഖകൾ ലഭിക്കും.

7. മേൽപ്പറഞ്ഞ സർക്കുലറുകൾ പ്രകാരം, വാർഷിക പൊതുയോഗ നോട്ടീസിന്റെയും, വാർഷിക റിപ്പോർട്ടിന്റെയും ഭൗതീക പകർപ്പുകൾ (Physical Copies) ബാങ്ക് അയയ്ക്കില്ല എന്ന വിവരം ഓഹരി ഉടമകൾ ശ്രദ്ധിക്കേണ്ടതാണ്.

8. കൂടാതെ, 2013-ലെ കമ്പനീസ് ആക്ട് വകുപ്പ് 91-ഉം, 2014-ലെ കമ്പനീസ് (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) റൂൾസിലെ റൂൾ 10-ഉം പ്രകാരം 93-ാം വാർഷിക പൊതുയോഗത്തിന്റെയും, ഇ-വോട്ടിംഗിന്റെയും ഉദ്ദേശ്യത്തിനായി 2021 ആഗസ്റ്റ് 12 മുതൽ 2021 ആഗസ്റ്റ് 18 വരെ അംഗങ്ങളുടെ രജിസ്റ്ററും, ഷെയർ ട്രാൻസ്ഫർ ബുക്ക്സും ക്ലോസ് ആയി നിലനിൽക്കുമെന്നും അറിയിക്കുന്നു.

ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന് വേണ്ടി
ഒപ്പ്
(ജിമ്മി മാത്യു)
കമ്പനി സെക്രട്ടറി

സ്ഥലം : തൃശ്ശൂർ
തീയതി : ജൂലൈ 27, 2021

Malayala Manorama (Thrissur edition) dtd 28/07/2021